രൂപരേഖ ചർച്ച ചെയ്യുന്നതിലേക്കായി ആരോഗ്യം, സാമൂഹ്യ നീതി, റവന്യൂ എന്നീ മേഖലയിൽ പ്രവർത്തിച്ചുവരുന്ന വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ശിൽപശാല സംഘടിപ്പിക്കുകയും പ്രസ്തുത ശിൽപശാലയിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അന്തിമ രൂപരേഖ തയ്യാറാക്കി വരുന്നു.

(സി) കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഒഴിവാക്കപ്പെട്ട പേഴ്സണൽ സ്റ്റാഫംഗങ്ങൾ

53 (54) ശ്രീ. സാജുപോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ ഗവൺമെന്റ് ചീഫ്വിപ്പിന്റെയോ പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെട്ട ആരെയെങ്കിലും സ്റ്റാഫിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം മന്ത്രിമാരുടെ ഏതെല്ലാം സ്റ്റാഫംഗങ്ങളെ ഏതെല്ലാം തീയതികളിൽ സ്റ്റാഫിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പേഴ്സണൽ സ്റ്റാഫിൽ തുടരവെ രാജിവച്ചുപോയവർ എത്ര ; ഒഴിവാക്കപ്പെട്ടവർ എത്ര ; വിശദമാക്കാമോ ;

(ഡി) ഇവർ ഓരോരുത്തരും രാജിവച്ചുപോകാനോ ഒഴിവാക്കപ്പെടാനോ ഇടയായ കാരണങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) ഊർജ്ജവകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫംഗമായിരുന്ന ശ്രീ. ബിജു ബി.കെ.-യെ 11-2-2014-ൽ ഒഴിവാക്കിയതൊഴികെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടേയോ ഗവൺമെന്റ് ചീഫ്വിപ്പിന്റെയോ പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെട്ട ആരെയും പേഴ്സണൽ സ്റ്റാഫിൽനിന്നും ഒഴിവാക്കുകയോ രാജിവച്ച് പോകുകയോ ചെയ്തിട്ടില്ല. പേഴ്സണൽ സ്റ്റാഫിൽനിന്നും വിടുതൽ ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്.

എൻഡോസൾഫാൻ ദുരിതബാധിതർക്കും ആശ്രിതർക്കുമുള്ള ധനസഹായം

54(55) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കും ദുരിതബാധിതരായി മരണപ്പെട്ട രോഗികളുടെ ആശ്രിതർക്കും എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly